## ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറിയും പാകിസ്ഥാന് വിദേശകാര്യ സെക്രട്ടറി ശ്രീ ഐസാസ് അഹമ്മദ് ചൌധരിയും ചര്ച്ച നടത്തി

ഏപ്രില് 26, 2016

' ഹാര്ട്ട് ഓഫ് ഏഷ്യ' ഉന്നത ഉദ്യോഗസ്ഥരുടെ സമ്മേളനത്തിനോട് അനുബന്ധിച്ച് , ഇന്ന് ഇന്ത്യയുടെയും പാകിസ്ഥാന്റെയും വിദേശകാര്യ സെക്രട്ടറിമാര് ചര്ച്ച നടത്തി. ചര്ച്ച വളരെ തുറന്നതും ക്രിയാത്മകവുമായിരുന്നു . ഇരു വിഭാഗവും അവരവര്ക്ക് ഉത്കണ്ഠയുള്ള വിഷയങ്ങള് ഉയര്ത്തിക്കാട്ടി

2. പത്താന്കോട്ട് തീവ്രവാദ ആക്രമണ അന്വേഷണത്തിലും അതോടൊപ്പം തന്നെ പാകിസ്ഥാനില് നടത്തി വരുന്ന മുംബൈ കേസ് വിചാരണയില് പ്രത്യക്ഷമായ പുരോഗതി എത്രയും പെട്ടെന്നു ആവശ്യമാണെന്ന് ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി ശക്തമായി ആവശ്യപ്പെട്ടു . ഐക്യരാഷ്ട്ര സഭയുടെ 1267 അനുമതി കമ്മിറ്റിയുടെ (UN 1267 Sanctions Committee) പട്ടികയില് ജയ്ഷെ മുഹമ്മദ് സംഘടന നേതാവ് മസൂദ് അസ്ഹറിനെ ഉള്പ്പെടുത്തുന്നതും അദ്ദേഹം ചര്ച്ചയില് ഉന്നയിച്ചു

3. ഉഭയകക്ഷി ബന്ധങ്ങളില് തീവ്രവാദം നല്കുന്ന ആഘാതത്തെ നിഷേധിക്കുവാന് പാകിസ്ഥാന് സാധിക്കുകയില്ല എന്നു വിദേശകാര്യ സെക്രട്ടറി എസ്. ജയശങ്കര് വ്യക്തമായി അറിയിച്ചു . പാകിസ്ഥാന് അടിസ്ഥാനമായി പ്രവര്ത്തിക്കുന്ന തീവ്രവാദ സംഘങ്ങള് ഇന്ത്യയെ ലാക്കാക്കുന്നത് ശിക്ഷിക്കപ്പെടാതെ പോകുവാന് ഒരു കാരണവശാലും അനുവദിക്കുകയില്ല

4. പാകിസ്ഥാനിലേക്ക് തട്ടിക്കൊണ്ടുപോകപ്പെട്ട മുന് നേവി ഉദ്യോഗസ്ഥന് കുല്ഭൂഷന് ജാദവുമായി കോണ്സുലാര് സമീപനം എത്രയും പെട്ടെന്നു വേണമെന്ന് ഞങ്ങള് അടിയന്തിരമായാവശ്യപ്പെടുന്നു

5.മത്സ്യ ബന്ധന തൊഴിലാളികള് , ജയില് തടവുകാര് എന്നിവരെ സംബന്ധിക്കുന്ന പ്രശ്നങ്ങള് ഉള്പ്പെടെയുള്ള മാനുഷികപരിഗണന വേണ്ട വിഷയങ്ങള്, മതപരമായ വിനോദസഞ്ചാരം കൂടി ഉള്ക്കൊള്ളുന്ന ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവയെല്ലാം ചര്ച്ചകളില് ഉള്പ്പെട്ടിരുന്നു

6. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ ആശയങ്ങള് ഇരു വിദേശകാര്യ സെക്രട്ടറിമാരും പങ്ക് വയ്ക്കുകയും എപ്പോഴും സമ്പര്ക്കത്തില് തുടരാനും അവര് തീരുമാനിച്ചു

ന്യൂഡെല്ഹി
എപ്രില് 26, 2016